പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 204

19.06.2012 ൽ മറുപടിയ്ക്ക്

## കേപ്പിന്റെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ. വി.റ്റി. ബൽറാം
ശ്രീ. കെ. അച്ചുതൻ
ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ. അൻവർ സാദത്ത്

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) കേപ്പിന്റെ നേതൃത്വത്തിൽ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പാക്കാനുദ്ദേശിക്കുന്നത്; ഏതെല്ലാം കോഴ്സുകളാണ് പുതുതായി തുടങ്ങിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട ആറന്മുളയിൽ എഞ്ചിനീയറിംഗ് കോളേജിൽ എ.ഐ.സി.റ്റി.ഇ അഫിലിയേഷനുള്ള നടപടികൾ നടന്നു വരുന്നു. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിലും തൃശ്ശൂർ ജില്ലയിലെ അത്താണിയിലും ഓരോ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കൊച്ചി മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. സീറ്റുകളുടെ എണ്ണം 100 ൽ നിന്ന് 150 ആയി ഉയർത്താനുള്ള നടപടികൾ ആരംഭിച്ചു.

ഗവൺമെന്റിൽ നിന്നും എൻ.ഒ.സി. ലഭ്യമായതിനെത്തുടർന്ന് കൊച്ചിൻ മെഡിക്കൽ കോളേജിലെ 10 ഡിപ്പാർട്ടുമെന്റുകളിൽ എം.ഡി/എം.എസ് കോഴ്സുകൾ ആരംഭിക്കുന്നതിനായി എം.സി.ഐ. അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്.

| | |
|---|---|
| 1. സൈക്ക്യാട്രി | - 2 സീറ്റ് |
| 2.അനസ്ത്യേഷ്യോളജി | - 4 സീറ്റ് |
| 3. ഫിസിയോളജി | - 2 സീറ്റ് |
| 4. ജനറൽ മെഡിസിൻ | - 4 സീറ്റ് |
| 5. പീഡിയാട്രിക്സ് | - 4 സീറ്റ് |

| | |
|---|---|
| 6. ഫോറൻസിക് മെഡിസിൻ | - 2 സീറ്റ് |
| 7. ജനറൽ സർജറി | - 4 സീറ്റ് |
| 8. മൈക്രോബയോളജി | - 2 സീറ്റ് |
| 9. പാത്തോളജി | - 2 സീറ്റ് |
| 10. ഒബ്സ്റ്റെട്രിക്സ് & ഗൈനക്കോളജി | - 4 സീറ്റ് |

നാല് എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് കോഴ്സുകൾ തുടങ്ങുന്നതിലേയ്ക്ക് എ.ഐ.സി.റ്റി.ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

1. തൃക്കരിപ്പൂർ എഞ്ചിനീയറിംഗ് കോളേജ് - എം.ടെക് (ഒപ്റ്റോ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്)
2. തലശ്ശേരി എഞ്ചിനീയറിംഗ് കോളേജ് - എം.ടെക് (പവർ ഇലക്ട്രോണിക്സ്)
3. കിടങ്ങൂര് എഞ്ചിനീയറിംഗ് കോളേജ് - എം.ടെക് (അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ)
4. വടകര എഞ്ചിനീയറിംഗ് കോളേജ് - എം.ടെക് (വി.എൻ.എസ്.ഐ & എംബഡഡ് സിസ്റ്റം)

വടകര എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ എഞ്ചിനീയറിംഗിൽ അഡീഷണൽ ബാച്ച് (60 കുട്ടികൾ വീതം) തുടങ്ങാൻ എ.ഐ.സി.റ്റി.ഇ. ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സ് - ഡയാലിസിസ് ടെക്നോളജി സാഗര ഹോസ്പിറ്റലിൽ, പുന്നപ്രയിൽ ആരംഭിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

എം.എസ്.സി നഴ്സിംഗ് (കമ്മ്യൂണിറ്റി ഹെൽത്ത് നഴ്സിംഗ്, പീഡിയാട്രിക് നഴ്സിംഗ്) കോഴ്സുകൾ തുടങ്ങുന്നതിലേയ്ക്ക് ഗവൺമെന്റിന്റെ എൻ.ഒ.സി. ആവശ്യപ്പെട്ടിട്ടുണ്ട്.

പാരാമെഡിക്കൽ കോഴ്സായ ബി.എസ്.സി (എം.എൽ.റ്റി), ബി.എസ്.സി (ഒപ്റ്റോമെട്രി), എം.എസ്.സി

(എം.എൽ.റ്റി) എന്നീ കോഴ്സുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കേപ്പിന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) കേപ്പിന്റെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകളിൽ കേന്ദ്ര ഗവൺമെന്റിന്റെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്.

ദേശീയ തലത്തിൽ എൻജിനീയറിംഗ് കോളേജുകളുടെ സാങ്കേതിക വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ലക്ഷ്യം വച്ച് കേന്ദ്ര സർക്കാർ Technical Education Quality Improvement Programme (TEQIP) എന്ന പേരിൽ ഒരു പദ്ധതി ഇന്ത്യയിൽ ആകമാനം നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കേപ്പിന്റെ കീഴിലുള്ള പെരുമൺ, കിടങ്ങൂർ, വടകര, തലശ്ശേരി, തൃക്കരിപ്പൂർ എന്നീ 5 എൻജിനീയറിംഗ് കോളേജുകൾ തെരഞ്ഞെടുക്കപ്പെട്ടു. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി വ്യവസ്ഥകൾക്കു വിധേയമായി ഘട്ടം ഘട്ടമായി 10 കോടി രൂപ വരെ ഓരോ സ്ഥാപനത്തിനും ഗ്രാന്റായി ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ